വിജയശ്രീ

## ഓണവിപണിയുടെ ഭാഗമാകാം

ഈ വർഷം വിപണിയിൽ ഏറ്റവും തിരക്കേറുന്ന സമയമാണല്ലോ ഈ ഓണക്കാലം. എല്ലാ വർഷത്തേതും പോലെ കുടുംബശ്രീയും ഞങ്ങളുടെ മികച്ചതും ന്യായവിലയ്ക്കുമുള്ള ഉൽപന്നങ്ങൾ വിപണിയിലെത്തിക്കും. എല്ലാ സിഡിഎസിലും കുടുംബശ്രീ ഓണച്ചന്തകൾ ഈ വർഷവുമുണ്ട ാകും. സർക്കാരിന്റെ ഇതര ഓണച്ചന്തകളോട് ചേർന്നോ അല്ലെങ്കിൽ തദ്ദേശ സ്ഥാപനങ്ങളുടെ സംയോജനത്തിലോ അതുമല്ലെങ്കിൽ കുടുംബശ്രീ നേരിട്ടോ ആകും ഓണച്ചന്ത നടത്തുക. അത് കൂടാതെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും വലിയ ഓണച്ചന്തകൾ നടത്താനും നിർദേശം നൽകിയിട്ടുണ്ട്.

പ്രാദേശിക ആവശ്യങ്ങൾ അനുസരിച്ചും ഉൽപന്നങ്ങളുടെ ലഭ്യതയ്ക്കും അനുസരിച്ച് ഉചിതമായ രീതിയിൽ ഓണച്ചന്തകൾ നടത്താനാണ് ജില്ലാ മിഷൻ ടീമുകളോട് നിർദേശിച്ചിട്ടുള്ളത്. ഓണം കേരളത്തിന്റെ ദേശീയ ഉത്സവമാണ്. ഈ ഉത്സവത്തിന്റെ ഭാഗമായി, ഈ മികച്ച വിപണി ഉപയോഗപ്പെടുത്തി തങ്ങളുടെ ഉൽപന്നങ്ങൾ വിറ്റഴിച്ച് പ്രളയത്തിന്റെ ദുരിതം മറികടന്ന് തങ്ങളുടെ ഉപജീവന പദ്ധതികൾ കെട്ടിപ്പെടുക്കാൻ കുടുംബശ്രീ സംരംഭകർക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു. ഏവർക്കും സമൃദ്ധമായ സന്തോഷം നിറഞ്ഞ ഓണാശംസകൾ നേരുന്നു.



**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

## പരമ്പരാഗത തൊഴിലിലൂടെ ഈ വിജയം



**കലം, ചട്ടി, കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾ തുടങ്ങി അനവധി ഉത്പന്നങ്ങൾ ഇവരുണ്ടാക്കുന്നു.**

ഏറെ പുതുമ നിറഞ്ഞതും വേറിട്ടതുമായ സംരംഭങ്ങൾക്കായി പിന്തുണ നൽകുന്നതിനൊപ്പം തന്നെ പരമ്പരാഗത തൊഴിലുകൾക്കും അത് വഴി വരുമാന മാർഗം കണ്ടെത്തുന്നതിനുമുള്ള അയൽക്കൂട്ട വനിതകളുടെ ശ്രമങ്ങൾക്കും കുടുംബശ്രീ എന്നും തുണയേകാറുണ്ട്. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് കോഴിക്കോട് ജില്ലയിലെ ഒളവണ്ണ പഞ്ചായത്തിലുള്ള പുലരി കളിമൺ കരകൗശല നിർമാണ യൂണിറ്റ്. യൂണിറ്റ് സെക്രട്ടറി ടി. കമലാക്ഷിയുടെ കുടുംബാംഗങ്ങൾ ചെയ്തുവന്നിരുന്ന കളിമൺ പാത്ര നിർമാണമെന്ന തൊഴിൽ വഴി മറ്റ് നാല് അയൽക്കൂട്ട വനിതകൾക്ക് കൂടി ഉപജീവന മാർഗം കണ്ടെത്തി നൽകുകയായിരുന്നു ഈ യൂണിറ്റിന്റെ രൂപീകരണത്തിലൂടെ കുടുംബശ്രീ ചെയ്തത്.

2009 മാർച്ച് മാസത്തിൽ തുടക്കമിട്ട ഈ യൂണിറ്റിൽ കമലാക്ഷിയെ കൂടാതെ പ്രസിഡന്റായ ലത, ലക്ഷ്മി, ബിന്ദു, തങ്കമണി എന്നിവർ കൂടി യൂണിറ്റിൽ അംഗങ്ങളാണ്. പാലക്കാട്, വയനാട്, വടകര തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് കളിമണ്ണ് എത്തിച്ച് അതുപയോഗിച്ചാണ് നിർമാണ പ്രവർത്തനങ്ങൾ. സീസൺ അനുസരിച്ചാണ് കച്ചവടം. അപ്പോൾ മികച്ച വരുമാനവും കിട്ടുന്നു. കലം, ചട്ടി, കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾ തുടങ്ങി അനവധി ഉത്പന്നങ്ങൾ ഇവരുണ്ടാക്കുന്നു.

തളിപ്പറമ്പിൽ വച്ച് പ്രത്യേക പരിശീലനവും നൽകിയാണ് കുടുംബശ്രീ ഈ യൂണിറ്റിനെ സംരംഭ മേഖലയിലേക്ക് എത്തിച്ചത്. കൂടാതെ യൂണിറ്റ് ആരംഭിക്കുന്നതിനായി 2 ലക്ഷം രൂപ വായ്പയും നൽകി. അതിൽ ഒരു ലക്ഷം രൂപ സബ്സിഡിയായി നൽകി. കൂടാതെ റിവോൾവിങ് ഫണ്ട് ഇനത്തിൽ 30,000 രൂപയും നൽകി. കുടുംബശ്രീ സംഘടിപ്പിക്കുന്നതും അല്ലാത്തതുമായ മേളകൾ വഴിയും ഒളവണ്ണയിൽ യൂണിറ്റിൽ തന്നെയും കച്ചവടം നടത്തുന്നു. പ്രളയം മൂലം വിഷമതകൾ നേരിട്ടെങ്കിലും പതിയെ കരകയറാമെന്ന ശുഭപ്രതീക്ഷയാണ് യൂണിറ്റിന്റെ സെക്രട്ടറി കൂടിയായ കുന്നത്തുപാലം വേട്ടുവോൻകുന്ന് വീട്ടിലെ കമലാക്ഷിയ്ക്കുള്ളത്.

### കുടുംബശ്രീ ഇൻഫൊ

## മുട്ട പാക്ക് ചെയ്ത് ഉപജീവനം കണ്ടെത്താം

പ്രാദേശികമായി മുട്ടക്കോഴി കർഷകരിൽ നിന്ന് മുട്ട ശേഖരിച്ച് ജെനോവ എന്ന ബ്രാൻഡിൽ വിപണിയിലെത്തിച്ച് ഉപജീവന മാർഗ്ഗം കണ്ടെ ത്താനുള്ള അവസരം കുടുംബശ്രീ നൽകുന്നു. പഞ്ചായത്ത്, ബ്ലോക്ക് തലത്തിലാകും ഈ സംരംഭങ്ങൾ. താൽപര്യമുള്ളവർക്ക് സിഡിഎസുമായോ ജില്ലാ മിഷൻ കോർഡിനേറ്ററുമായോ ബന്ധപ്പെടാം. ഇപ്പോൾ കേരളത്തിൽ 260ഓളം പഞ്ചായത്തുകളിൽ നിന്നുള്ളവർ ഈ പദ്ധതിയുടെ ഭാഗമാകാൻ മുന്നോട്ട് വന്നുകഴിഞ്ഞു.

## ജെംസ് ആൻഡ് ജുവലറി വിഭാഗത്തിൽ

ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ) എന്ന കേന്ദ്രാവിഷ്കൃത നൈപുണ്യ പരിശീലന പരിപാടി കേരളത്തിൽ നടപ്പിലാക്കുന്നത് കുടുംബശ്രീ വഴിയാണ്. ഗ്രാമീണ മേഖലയിലെ നിർധനരായ യുവതീയുവാക്കൾക്ക് പദ്ധതി വഴി നൈപുണ്യ പരിശീലനം നൽകുന്നു. കൂടാതെ തൊഴിലും ഉറപ്പ് നൽകുന്നു. കുടുംബശ്രീ യുമായി കരാറിലെത്തിയിരിക്കുന്ന പ്രൊജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾ വഴി 32 വ്യത്യസ്തമായ തൊഴിൽ മേഖലകളിലെ 126 ലേറെ കോഴ്സുകളിൽ പരിശീലനം നേടാനാകും.



18 വയസ്സ് മുതൽ 35 വയസ്സുവരെ പ്രായമുള്ള യുവജനങ്ങൾക്ക് പരിശീലനത്തിന്റെ ഭാഗമാകാം. സ്ത്രീകൾ, അംഗപരിമിതർ, പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെടുന്ന ആദിവാസികൾ എന്നിവർക്ക് 45 വയസ്സാണ് ഉയർന്ന പ്രായപരിധി. റെസിഡൻഷ്യൽ രീതിയിലും പരിശീലനം നൽകുന്നു. താമസവും ഭക്ഷണവും സൗജന്യമാണ്. ജെംസ് ആൻഡ് ജുവലറി എന്ന തൊഴിൽ മേഖലയ്ക്ക് കീഴിൽ പ്രൊഡക്ഷൻ അസിസ്റ്റന്റ് എന്ന കോഴ്സിലും ഇപ്പോൾ പരിശീലനം നേടാനുള്ള അവസരം ഡിഡിയുജികെവൈ പദ്ധതിയിലൂടെയുണ്ട്.

കോൾ സെന്റർ നമ്പർ- 04842959595